**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 244** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഒഡെപെക്-ന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദേശത്ത് തൊഴിൽ തേടുന്നവരെ തട്ടിപ്പിനിരയാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്-ന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | വിദേശത്ത് തൊഴിൽ തേടുന്നവരെ തട്ടിപ്പിനിരയാക്കുന്ന സംഭവങ്ങൾ ഒഡെപെക് വഴി ആർക്കും ഉണ്ടായിട്ടില്ല. വിദേശ തൊഴിലുടമയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ അന്വേഷിച്ചതിന് ശേഷം മാത്രമേ തൊഴിൽദാതാക്കളുമായി ഒഡെപെക് റിക്രൂട്ട്മെന്റ് നടത്താറുള്ളു.<br><br>തൊഴിൽദാതാക്കളുടെ ആവശ്യാനുസരണം ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് പങ്കെടുപ്പിക്കുകയും, തെരെഞ്ഞെടുക്കുന്നവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ മുതൽ ടിക്കറ്റ് കിട്ടി തൊഴിൽ ദാതാവിന്റെ സമീപം എത്തുന്നതുവരെയുള്ള സൗകര്യങ്ങൾ ഒഡെപെക് നൽകുന്നു. തൊഴിൽദാതാവിന്റെ നിയമപരമായ രേഖകളും വിസയും ഉറപ്പുവരുത്തുകയും വിസയിലും തൊഴിൽ കരാറിലും രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ തൊഴിൽ തന്നെയെന്ന് ഉറപ്പ വരുത്തുകയും ചെയ്യുന്നു. കാലാവധി കഴിഞ്ഞ രേഖകളുമായി യാത്ര ചെയ്യാതിരിക്കാനും, റിക്രൂട്ട്മെന്റ് ഏജൻസികളുടെയും,തൊഴിൽകരാറുകളുടെയും വിശ്വാസ്യത ഉറപ്പ വരുത്തുന്നതിനായും ഒഡെപെക് ശ്രദ്ധിക്കാറുണ്ട്.<br><br>ECR രാജ്യങ്ങളിലേക്ക് പോകുന്ന ECR പാസ്പോർട്ട് കൈവശമുള്ളവർക്കും നഴ്സമാർക്കും ഇമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണ്. യാത്രയ്ക്കുമുൻപ് ഇമിഗ്രേഷൻ ക്ലിയറൻസ് ഒഡെപെക് ഉറപ്പുവരുത്തുന്നതുമൂലം ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുന്നു. കൂടാതെ തൊഴിലുടമയുടെയും റിക്രൂട്ട്മെന്റ് ഏജൻസികളുടെയും വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ചുറപ്പിക്കാനും കഴിയുന്നു. ഇതുകൂടാതെ ഇൻഷുറൻസ് പരിരക്ഷയും, വേതനപ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, തൃപ്തികരമായ ജീവിതസാഹചര്യങ്ങൾ എന്നിവയ്ക്ക് ഒഡെപെക് - ന്റെയും സർക്കാരിന്റെയും പിന്തുണ ഉറപ്പുവരുത്താനും സാധിക്കും |
| (ബി) | ജർമ്മനിയിലേയ്ക്ക് സൗജന്യമായി നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതോടൊപ്പം താല്പര്യം ഉള്ളവർക്ക് സ്റ്റൈപ്പന്റോടെ ജർമ്മൻ ഭാഷാപഠനത്തിന് കൂടിയുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ജർമ്മൻ ഗവൺമെന്റ് റിക്രൂട്ട്മെന്റ് ഏജൻസിയായ DeFa- യുമായി ചേർന്ന് കേരളത്തിൽ നിന്ന് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിലേക്കായി വർക്ക് ഇൻ ഹെൽത്ത് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിൽ 60 ൽപരം നഴ്സുമാർക്ക് പ്രതിമാസം 10,000/ - രൂപ സ്റ്റൈപ്പന്റോടു കൂടി ഒഡെപെകിന്റെ കേരളത്തിലെ വിവിധ ട്രെയിനിംഗ് സെന്ററുകളിൽ ജർമൻ ഭാഷാ പരിശീലന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജർമ്മനി യിലെ മറ്റൊരു സ്ഥാപനമായ GCA (ജർമ്മൻ കെയർ അക്കാഡമി) യുമായി ചേർന്ന് 18 നഴ്സുമാർക്ക് സ്റ്റൈപ്പന്റോടുകൂടി ട്രെയിനിംഗ് നടത്തിവരുന്നു. ഇതിനു പുറമെ 20 നഴ്സുമാർക്ക് ഓൺലൈൻ ജർമ്മൻ ഭാഷാ പരിശീലനവും നടത്തിവരുന്നു. |
| (സി) | വിദേശ പഠനവും ജോലിയും കാംക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ഒഡെപെക് അവർക്കായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | പൊതുമേഖല സ്ഥാപനമായ ഒഡെപെക് വിദേശ പഠനവും ജോലിയും കാംക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി സ്റ്റഡി എബ്രോഡ് എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനോട് അനുബന്ധിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടത്തിയ സ്റ്റഡി എബ്രോഡ് എക്സ്പോയിൽ 8 രാജ്യങ്ങളിൽ നിന്നും 40-ഓളം യൂണിവേഴ്സിറ്റികളുടെ പ്രതിനിധികൾ പങ്കെടുത്തു. 2000--ൽ പരം വിദ്യാർത്ഥികൾ വിദേശത്ത് ഉപരിപഠനത്തിനായി ഒഡെപെകിൽ അപേക്ഷ നൽകുകയും ഇതിൽ 4 പേർ വിദേശ ഉപരിപഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 100-ഓളം വിദ്യാർത്ഥികളുടെ അപേക്ഷകളുടെ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദേശപഠന പദ്ധതി അതാത് വകുപ്പ കളുമായി ചേർന്ന് നടത്തുന്നതിനുള്ള പ്രാരംഭ ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. ഒഡെപെക് വഴി പോകുന്ന വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യത അനുസരിച്ച് സ്കോളർഷിപ്പും നൽകി വരുന്നു. ഇതു കൂടാതെ വിദ്യാർത്ഥികൾക്ക് അതാത് രാജ്യങ്ങളിൽ വേണ്ട ഇംഗ്ലീഷ് ഭാഷാ പരിശീലനവും ഒഡെപെകിൽ മിതമായ നിരക്കിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ